**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 139** **05-12-2022 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര ഫയർസ്റ്റേഷന് പുതിയ കെട്ടിടവും ഉപകരണങ്ങളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മാവേലിക്കര ഫയർസ്റ്റേഷന് പുതിയ കെട്ടിടവും ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിനും അത്യാധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ ആവശ്യമായ തുക അനുവദിക്കുമോ; വിശദമാക്കുമോ? | (എ) | മാവേലിക്കര നിലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിനായി നിലവിൽ സ്റ്റേഷൻ പ്രവർത്തിക്കുന്ന മാവേലിക്കര വില്ലേജ് ബ്ലോക്ക് നം.10 റീ സർവ്വേ നം .17/18 ൽ ഉൾപ്പെട്ട 15.90 ആർസ് സ്ഥലം വകുപ്പിന് കൈമാറി ഉത്തരവായിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ പ്ലാൻ അഗ്നിരക്ഷാ സേവന വകുപ്പ് മേധാവി അംഗീകരിച്ച് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലേക്കായി പൊതുമരാമത്ത് വകുപ്പിന് മടക്കി നൽകിയിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കാവുന്നതാണ്.<br><br>വകുപ്പിൽ പുതുതായി അഗ്നിരക്ഷാ വാഹനങ്ങളും ഉപകരണങ്ങളും ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യകതയുടെയും ലഭ്യതയുടെയും അടിസ്ഥാനത്തിൽ മാവേലിക്കര നിലയത്തിനും അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ